# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## 2019 നവംബർ 05, ചൊവ്വ

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2353

### തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് III തസ്തിക സൃഷ്ടിക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി.ജോർജ് : | | ഡോ. തോമസ് ഐസക് (ബഹു: ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) & (ബി) | തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് III തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച് ഭരണ വകുപ്പിൽ നിന്നും പ്രൊപ്പോസൽ വന്നിരുന്നോ; ആയതിൻമേൽ സ്വീകരിച്ച തീരുമാനങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ;<br>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും എത്ര തവണ പ്രസ്തുത ഫയൽ വന്നിട്ടുണ്ട്; എന്ത് തീരുമാനങ്ങൾ ഓരോ ഫയലിലും എടുത്തിരുന്നു; വിശദമാക്കാമോ? | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ ഗ്രേഡ് III തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ഭരണ വകുപ്പ് ശുപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ/വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ ആയത് സഹിതം രണ്ട് പ്രാവശ്യം ഭരണ വകുപ്പ് ഫയൽ പുന:സമർപ്പിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത്, പ്രതിപാദ്യ ശിപാർശ തൽക്കാലം മാറ്റിവയ്ക്കുവാൻ ഭരണ വകുപ്പിനോട് രണ്ട് പ്രാവശ്യം നിർദ്ദേശം നൽകിയിരുന്നു. തദനന്തരം ഈ ശിപാർശ വീണ്ടും സമർപ്പിക്കപ്പെട്ടപ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് 'വരുന്ന രണ്ടു വർഷത്തേയ്ക്ക് ഓവർസിയർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതല്ല' എന്ന വ്യവസ്ഥയ്ക്ക് വിധേയമായി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുന്നതിന് 29-12-2018 ൽ ധനവകുപ്പ് അനുമതി നൽകിയിരുന്നു. തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഗ്രേഡ് III ഓവർസിയർമാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ശിപാർശ 01-07-2019 ൽ |

| | | |
|---|---|---|
| | | ധനവകുപ്പിൽ വീണ്ടും ലഭിച്ചിരുന്നു. ഈ വിഷയം വിശദമായി പരിശോധിച്ച ശേഷം 195 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക സൃഷ്ടിക്കുന്നതിന് ബാധകമാക്കിയ വ്യവസ്ഥകൾ, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത്, ടി പ്രൊപ്പോസൽ തല്ക്കാലം മാറ്റി വയ്ക്കുവാൻ 26/07/2019 -ൽ ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. |

**സെക്ഷൻ ഓഫീസർ**